# O.S.S.A.E.
# വേദപ്രവീൺ ഡിപ്ലോമ പരീക്ഷ 2017

Class XII | Time 3 hrs | Marks 100

30-12-2017 Saturday, 10 a.m. to 1 p.m.

## Part A

**പേരെഴുതുക (1–5)** 5

1. 'അപ്പസ്തോലിക പാരമ്പര്യ'പ്രകാരമുള്ള ഹിപ്പോലിറ്റസിന്റെ തക്സ ഉപയോഗിച്ചിരുന്ന സഭാവിഭാഗം.
2. അഖിലലോകസഭാ കൗൺസിലിന്റെ ആസ്ഥാനം.
3. 'പൊതുവിന്റെ ആൾ' എന്നർത്ഥം വരുന്ന ഗ്രീക്കുപദം.
4. കുക്കിലിയോന്റെ അവസാനഭാഗത്തെ അപേക്ഷ.
5. എല്ലാ തിരുവെഴുത്തിന്റെയും മകുടവും പൂർത്തീകരണവും.

**പൂരിപ്പിക്കുക (6–10)** 5

6. .............................. ചരിത്രത്തിൽ പ്രവർത്തിച്ച യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായിരിക്കുന്നു.
7. .............................. എന്നത് അടിസ്ഥാനപരമായി ഒരു സമ്പദ്‌വ്യവസ്ഥയാണ്.
8. ഡിസംബർ 10 .............................. ദിനമായി ആചരിക്കുന്നു.
9. മലങ്കരസഭയുടെ പൗരാണികതയുടെയും ചരിത്രബോധത്തിന്റെയും പ്രത്യക്ഷലക്ഷണമാണ് ...........................
10. ......................... മാനസാന്തരം ക്രൈസ്തവസഭയ്ക്ക് പുത്തൻ ഉണർവ്വും ഊർജ്ജവും പകർന്നുതന്നു.

**ചേരുംപടി ചേർക്കുക (11–15)** 5

| | | |
|---|---|---|
| 11. തുബ്ദേൻ | – | വി. മർക്കോസ് |
| 12. കോപ്റ്റിക് സഭ | – | വി. പട്ടത്വം |
| 13. മാർത്തോമ്മാസഭ | – | എന്നാൽ വീണ്ടും |
| 14. കൂദാശ | – | ഹൗദ് മാലാഖേ |
| 15. സ്ലീബാ ആഘോഷം | – | റോയൽ കോടതിവിധി |

**താഴെപ്പറയുന്ന സംഭവങ്ങൾ നടന്ന വർഷം എഴുതുക (16–20)** 5

16. ഇന്ത്യൻ പാർലമെന്റ് 'ബാലനീതിനിയമം' അംഗീകരിച്ചു.
17. മാർത്തോമാ മാത്യൂസ് ദ്വിതീയൻ ക്രമപ്രകാരമുള്ള മലങ്കര മെത്രാപ്പോലീത്തായെന്ന് വോട്ടെടുപ്പിലൂടെ സ്ഥിരീകരിക്കപ്പെട്ടു.
18. എഫേസോസ് സുന്നഹദോസ്.
19. മഹാത്മാഗാന്ധി ജനിച്ചു.
20. കൊച്ചി പഞ്ചായത്ത്.

**ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരം എഴുതുക (21–25)** 5

21. വേദപുസ്തകത്തിന്റെ ആധികാരികത സംബന്ധിച്ച് വി. അഗസ്തീനോസിന്റെ പ്രസ്താവനയെന്ത്?
22. ഉയിർപ്പിന്റെ പ്രഖ്യാപനമെന്ത്?

23. വിവാഹകൂദാശയിൽ വായിക്കുന്ന സുവിശേഷഭാഗത്തിന്റെ കാതലായ സന്ദേശം എന്ത്?
24. ഷിന്റോമതത്തിന്റെ പ്രധാന ആചാരമെന്താണ്?
25. ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ മുഖ്യലക്ഷ്യമെന്ത്?

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (26)** 5

26. മലങ്കരസഭയുടെ എക്യുമെനിക്കൽ ബന്ധങ്ങൾ

**രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക (27–28)** 4

27. ഭാവിലോകം കരുപ്പിടിപ്പിക്കുവാൻ ആവശ്യമായ മൗലികസ്വാതന്ത്ര്യമേഖലകൾ ഏതൊക്കെ?
28. നമ്മുടെ കുടുംബബന്ധങ്ങളിലെ ശൈഥില്യത്തിനു പ്രധാന കാരണമായിരിക്കുന്നതെന്ത്?

**ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക (29–30)** 6

29. വി. കുർബാനയിലെ മൽക്കിസെദെക്കിന്റെ ക്രമം
30. പെസഹാപ്പെരുന്നാളും വി. കുർബാനസ്ഥാപനവും

## Part B

**ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക (31–35)** 5

31. സന്യാസിമാർക്കുള്ള നിയമങ്ങൾ ക്രോഡീകരിച്ച സഭാപിതാവ്.
(മാർ ബസേലിയോസ്, മാർ അന്തോനിയോസ്, മാർ പക്കോമിയോസ്)
32. ക്രിസ്തു ജഡത്തിൽ കഷ്ടതയനുഭവിച്ചു എന്ന യാഥാർത്ഥ്യത്തെ നിരാകരിക്കുന്ന പഠിപ്പിക്കൽ.
(ഡിഡാക്കേ, തോന്നൽവാദം, ജ്ഞാനവാദം)
33. അദ്ധ്യാപനം വിജയിക്കുവാൻ അത്യന്താപേക്ഷിതമല്ലാത്ത ഘടകം.
(വിദ്യാർത്ഥി, പാഠ്യവിഷയം, പരീക്ഷ)
34. പരിശുദ്ധ പരുമല തിരുമേനിയുടെ പേരിൽ ഉടലെടുത്ത പ്രസ്ഥാനം.
(MGOCSM, OCYM, MOMS)
35. 'സെറാമ്പൂർ ട്രയോ' എന്ന ഗണത്തിൽപ്പെടാത്ത വ്യക്തി ഇവരിൽ ആരാണ്?
(വില്യം കേറി, മാർക്ക് റ്റ്വെയ്ൻ, ജോഷ്വ മാർഷ്മാൻ)

**ശരിയോ തെറ്റോ എന്നെഴുതുക (36–40)** 5

36. സമാഗമനകൂടാരങ്ങൾ യഹൂദജനതയുടെ ആരാധനാകേന്ദ്രങ്ങളും മതബോധനകേന്ദ്രങ്ങളും ആയിരുന്നു.
37. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം മനുഷ്യർക്കും സകലചരാചരങ്ങൾക്കും പ്രപഞ്ചത്തിനു മുഴുവൻവേണ്ടിയും ആയിരുന്നു.
38. പ്രസംഗരീതി ബോധനരീതിയുടെ ഭാഗമല്ല.
39. വി. ത്രിത്വത്തിലെ മൂന്ന് ആളത്തങ്ങളും ആവിഷ്കരണത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.
40. മിഷൻ എന്നത് വി. ത്രിത്വത്തിന്റെ മൗലികസ്വഭാവമാണ് എന്ന് ഓർത്തഡോക്സ് ഗുരുക്കന്മാർ പഠിപ്പിക്കുന്നു.

**ഒറ്റവാക്കിൽ ഉത്തരമെഴുതുക (41–50)** 10

41. വിവിധ ബോധനരീതികൾ സമന്വയിപ്പിച്ച് ആകർഷകമായി അവതരിപ്പിക്കുന്ന രീതിയുടെ പേര്?
42. ശ്ലീഹാ എന്ന സുറിയാനിവാക്കിന് തത്തുല്യമായ ലത്തീൻ ഭാഷാപദം.
43. അദ്ധ്യാപനത്തിലെ വിവിധ രൂപരേഖകൾ ഏവ?
44. സിറിയക് ഓർത്തഡോക്സ് സഭാതലവന്റെ സ്ഥാനപ്പേര്?
45. അദ്ധ്യാപകൻ ചരിത്രം നിർമ്മിക്കുന്നവനാണ് എന്നു പറഞ്ഞതാര്?
46. പ്രപഞ്ചം ഒരു കൂദാശയാണെങ്കിൽ അവിടെ മനുഷ്യന്റെ സ്ഥാനമെന്ത്?

47. സ്വാതന്ത്ര്യം, വേൾഡ് കമ്യൂണിറ്റി എന്നിവയുടെ പ്രതീകം.
48. ഒരു പിശാചിന്റെ ക്രൗര്യത്തോടെ മദ്യവും മയക്കുമരുന്നും നിങ്ങളെ വേട്ടയാടും എന്നു പറഞ്ഞതാര്?
49. സൺഡേസ്കൂളിന്റെ സുഗമമായ നടത്തിപ്പിന് സഹായിക്കുന്ന ഘടകങ്ങളെ എത്രയായി തിരിക്കാം? ഏതെല്ലാം?
50. ഐക്യരാഷ്ട്രസഭ പരിസ്ഥിതി പ്രശ്നങ്ങൾ പഠിക്കുവാൻ നിയമിച്ച കമ്മീഷന്റെ പേര്?

**വാക്യം പൂരിപ്പിക്കുക (51–55)** 5

51. യഹൂദാ ഒരു ......................, മകനേ നീ ഇരപിടിച്ചു കയറിയിരിക്കുന്നു.
52. അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും ........................... പകരും.
53. അവന്റെ പേരിന് ആദ്യം നീതിയുടെ രാജാവെന്നും പിന്നെ ........................ എന്നു വച്ചാൽ സമാധാനത്തിന്റെ രാജാവ് എന്നും അർത്ഥം.
54. ......................... ഭാര്യയെ ആർക്കു കിട്ടും? അവളുടെ വില മുത്തുകളിലും ഏറും.
55. ........................ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ.

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (56)** 5

56. 'ഇൻഫർമേഷൻ ടെക്നോളജി' പ്രശ്നങ്ങളും സാധ്യതകളും.

**രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക (57–58)** 4

57. ശവസംസ്കാരശുശ്രൂഷയെ എത്രയായി തിരിച്ചിട്ടുണ്ട്? ഏവ?
58. വി. മാമോദീസായിലൂടെ ലഭിക്കുന്ന നൽവരങ്ങൾ ഏതെല്ലാം?

**ഓരോ ഖണ്ഡികയിൽ ഉത്തരം എഴുതുക (59–60)** 6

59. തൈലാഭിഷേകശുശ്രൂഷയുടെ വേദപുസ്തകാടിസ്ഥാനം എന്ത്?
60. ഭവനകൂദാശയിൽ വി. ലൂക്കൊ. 19:1–10 വായിക്കുന്നതിന്റെ പ്രസക്തിയെന്ത്?

## Part C

**ഒരു പേജിൽ ഉത്തരമെഴുതുക** 5

61. ലോകം ഒരു ആഗോളഗ്രാമമായി പരിവർത്തനം ചെയ്തിരിക്കെ അത് മനുഷ്യബന്ധങ്ങളിലുണ്ടാക്കുന്ന സ്വാധീനങ്ങൾ.

**പ്രാർത്ഥന**

62. (a) ഞങ്ങളുടെ കർത്താവേ, നിന്റെ ................................ ഞങ്ങൾ ഓർക്കുകയും നിന്റെ .................... ഞങ്ങൾ ഏറ്റുപറയുകയും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി നോക്കിപ്പാർക്കുകയും ചെയ്യുന്നു. നിന്റെ ...................... ഞങ്ങൾ എല്ലാവരുടെമേലും ഉണ്ടായിരിക്കണമെ. 3
    (b) ഈ പ്രാർത്ഥന അനാഫോറയുടെ എത്രാമത്തെ അദ്ധ്യായത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്? 2

**ഗീതം**

63. (a) പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത യാചിക്കുന്ന കുക്കിലിയോൻ എഴുതുക 3
    (b) ഇതിനടിസ്ഥാനമായ വേദപുസ്തക ഭാഗം ഏത്? 2

**അഞ്ചു വാചകത്തിൽ കവിയാതെ എഴുതുക**

64. നിങ്ങൾ ചെയ്ത പ്രൊജക്ട് എന്തായിരുന്നു? അതിനാവശ്യമായ ആശയങ്ങൾ സ്വരൂപിക്കുന്നതിന് സ്വീകരിച്ച മാർഗവും കണ്ടെത്തലുകളും എന്ത്? 5

☆